(സി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ വൈദ്യുതി ബന്ധം നൽകുവാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്നു കൂടി അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നിവേദനത്തിലാവശ്യപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് വരുന്നു. പരിശോധനക്കുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതാണ്. സാധനസാമഗ്രികളുടെ ലഭ്യതയ്ക്കും, മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിലും ജോലികൾ പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

ആണവ ശക്തിയെ ആശ്രയിച്ചുള്ള വൈദ്യുതി ഉൽപ്പാദനം

96 (1763) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആണവശക്തിയെ ആശ്രയിച്ചുള്ള വൈദ്യുതി ഉൽപ്പാദനത്തിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ആണവോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിലേക്ക് സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസലുകൾ ലഭിക്കുകയോ ഏതെങ്കിലും ഘട്ടത്തിൽ ഇതു സംബന്ധിച്ച് സർക്കാർ ഔപചാരികമായ ആലോചന നടത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) വൈദ്യുതി ഉൽപ്പാദനത്തിന് ആണവനിലയം സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം എന്ന സ്ഥലത്ത് ഒരു ആണവ നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചെങ്കിലും, ജലലഭ്യത ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചില്ല.

(സി) ആണവനിലയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

97 (1764) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly